# ‘വായന സർവ തലങ്ങളിലുമെത്തണം’

തൃശൂർ: വായന സർവതലങ്ങളിലും എത്തണമെന്നും അതു വിശാലമായിരിക്കണമെന്നും മന്ത്രി കെ. രാജൻ. കേരള കാർഷിക സർവകലാശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വായനവാരാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വായനയിലേക്കു കടക്കാൻ വിശാലമായ തണലൊരുക്കുന്ന ഇടങ്ങളാണ് ലൈബ്രറികൾ. ഗ്രന്ഥശാലകളെ വളർത്തിയെടുക്കാൻ പി. എൻ. പണിക്കർ വഹിച്ച പങ്ക് ചെറുതല്ലെന്നും മന്ത്രി പറഞ്ഞു.

ലൈബ്രറി ടെക്നോളജീസ് ഫോർ അക്കാദമിക് ഇൻക്ലൂഷൻ എന്ന പുസ്തകം പിഎസ്‌സി അംഗം ടി.ആർ. അനിൽകുമാർ പ്രകാശനം ചെയ്തു. പി. ബാലചന്ദ്രൻ എംഎൽഎ, മാടക്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇന്ദിര മോഹൻ, കേരള കാർഷിക സർവകലാശാല വൈസ്ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, അക്കാദമിക് ലൈബ്രറി അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.ആർ. അജിതൻ, വാഴ്സിറ്റി ലൈബ്രേറിയൻ എ.ടി. ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തു.